# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2085** — **05.05.2017-ൽ മറുപടിയ്ക്ക്**

**വിദ്യാർത്ഥികൾക്ക് ചലച്ചിത്ര രംഗത്ത് അഭിരുചി ഉണ്ടാക്കുന്നതിനുള്ള പദ്ധതികൾ**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ മന്ത്രി) |
| (എ) വിദ്യാർത്ഥികൾക്ക് ചലച്ചിത്ര രംഗത്ത് അഭിരുചി ഉണ്ടാക്കുന്നതിനും അഭിനയം, തിരക്കഥ, സംവിധാനം, ഫോട്ടോഗ്രാഫി തുടങ്ങിയവയിലെ കഴിവുകൾ വിലയിരുത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും സംസ്ഥാന ചലച്ചിത്ര അക്കാഡമിയോ സർക്കാരോ ഏതെങ്കിലും തരത്തിലുള്ള പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; | (എ) വിദ്യാർത്ഥികൾക്ക് ചലച്ചിത്ര രംഗത്ത് അഭിനയം, ഫോട്ടോഗ്രാഫി, തിരക്കഥ തുടങ്ങിയ മേഖലകളിൽ അഭിരുചി വളർത്തുന്നതിന് അവധിക്കാലത്ത് ഹൈസ്കൂൾ കുട്ടികൾക്കായി 5 ദിവസം നീണ്ടു നിൽക്കുന്ന സിനിമാ ആസ്വാദന ക്യാമ്പ് കേരളത്തിലെ മൂന്ന് മേഖലകളിലായി ചലച്ചിത്ര അക്കാദമി നടത്തിവരുന്നു. കൂടാതെ സ്കൂൾ, കോളേജ് തലങ്ങളിൽ അവരുടെ ആവശ്യപ്രകാരം നല്ല സിനിമകൾ പ്രദർശിപ്പിച്ചുവരുന്നു. |
| (ബി) സ്കൂളുകളിൽ സിനിമാ ക്ലബ്ബുകൾ രൂപീകരിക്കുന്നതിനും വിദ്യാർത്ഥികളുടെ പങ്കാളിത്തത്തോടെ സിനിമകൾ നിർമ്മിക്കുന്നതിനും ഏതെങ്കിലും തരത്തിലുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിന് തയ്യാറാകുമോ; | (ബി) ഇതിനായി ഇപ്പോൾ പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. |
| (സി) സംസ്ഥാന ചലച്ചിത്ര അക്കാഡമിയുടെ പ്രവർത്തനം വിപുലീകരിക്കുന്നതിനും കൂടുതൽ പദ്ധതികളും പരിപാടികളും സംഘടിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ ? | (സി) പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ